(സി) പിടിച്ചെടുത്ത വാഹനങ്ങളിൽ കൊണ്ടുവന്ന സ്പിരിറ്റിന്റെ പ്രഭവസ്ഥാനം കണ്ടുപിടിച്ചിട്ടുണ്ടോ;

(ഡി) വാഹനത്തിലെ ജോലിക്കാർ ഓടിരക്ഷപ്പെടുന്ന സംഭവത്തിൽ സ്പിരിറ്റിന്റെ പ്രഭവസ്ഥാനവും അതു കൊടുത്തയച്ച വ്യക്തിയേയും അറിയാൻ കഴിയുന്നതെങ്ങനെയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 185 (നൂറ്റിഎൺപത്തിയഞ്ച്) വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്.

(ബി) പിടിച്ചെടുത്ത ചില വാഹനങ്ങളിലെ ജോലിക്കാർ ഓടിരക്ഷപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല. അന്വേഷണം നടന്നുവരുന്നു.

(ഡി) പിടിക്കപ്പെടുന്ന വാഹനത്തിന്റെ രജിസ്റ്റർ നമ്പർ ശരിയായിട്ടുള്ളതാണെങ്കിൽ ബന്ധപ്പെട്ട ആർ.റ്റി. ഓഫീസുമായി ബന്ധപ്പെട്ട് വാഹനത്തിന്റെ യഥാർത്ഥ ഉടമയെ കണ്ടെത്തി അതുവഴി സ്പിരിറ്റിന്റെ പ്രഭവസ്ഥാനവും കൊടുത്തയച്ച വ്യക്തികളേയുംപറ്റി അറിയാൻ കഴിയുന്നതാണ്.

അനധികൃതമായി ചാരായം സ്റ്റോക്ക് ചെയ്യുകയും വിൽക്കുകയും ചെയ്യുന്നവർക്കെതിരെ നടപടി

48 [1055] ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലരാമപുരം പോലീസ് സ്റ്റേഷനതിർത്തിയിൽ കട്ടച്ചൽക്കുഴി പ്രദേശത്ത് ആരെങ്കിലും അനധികൃതമായി ചാരായം സ്റ്റോക്ക് ചെയ്യുകയും വിൽക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവർ ആരെല്ലാം;

(ബി) ഇവരുടെ ചാരായ സംഭരണ ശാലകളും വീടുകളും ഇക്കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര പ്രാവശ്യം റെയ്ഡ് ചെയ്തിട്ടുണ്ട്;

(സി) അവരുടെ ചാരായ സംഭരണ ശാലകളും വീടുകളും റെയ്ഡ് ചെയ്യാത്ത പക്ഷം അതിനുള്ള കാരണങ്ങൾ എന്തെല്ലാം;

(ഡി) കട്ടച്ചൽക്കുഴി പ്രദേശത്ത് ചാരായം വിൽക്കുന്നവരെ അമർച്ച ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. അവരുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.†

(ബി) 84 പ്രാവശ്യം റെയ്ഡ് ചെയ്തിട്ടുണ്ട്.

(സി) ഉദിക്കുന്നില്ല.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

† അനുബന്ധം—VII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII

[30-1-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 48 (1055)ന്റെ ഉത്തരം ദയവായി കാണുക.]

ബാലരാമപുരം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കട്ടച്ചൽക്കുഴി പ്രദേശത്ത് അനധികൃതമായി ചാരായം വിൽക്കുന്നവരുടെ പേരും അവർക്കെതിരെ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ വിവരവും താഴെ ചേർക്കുന്നു:

ക്രമ നമ്പർ	പേര്	കേസ് നമ്പർ
1	വെങ്ങാന്നൂർ വില്ലേജിൽ വി. പി. 12/352-ൽ സരോജിനി മകൾ വസന്ത	സി. ആർ. നമ്പർ 6/03
2	പള്ളിച്ചൽ വില്ലേജിൽ ഭഗവതിനട ദേശം റീജാഭവനിൽ സദാശിവൻ മകൻ സുഗതൻ	സി. ആർ. നമ്പർ 24/03
3	വെങ്ങാന്നൂർ കട്ടച്ചൽ അയണിവിള വീട്ടിൽ സുഭദ്ര മകൾ ഓമന	സി. ആർ. നമ്പർ 71/03
4	വെങ്ങാന്നൂർ പുത്തൻകാനം ശാരദ മകൾ വേലമ്മ	സി. ആർ. നമ്പർ 35/03
5	വെങ്ങാന്നൂർ പ്രിയാ ഭവനിൽ വിശ്വംഭരൻ മകൻ മോഹനൻ	സി. ആർ. നമ്പർ 38/03
6	വെങ്ങാന്നൂർ മംഗലത്തുകോണം കൊച്ചുവടകര വീട്ടിൽ (10/632) ശ്രീധരൻ മകൻ രാമഭദ്രൻ	സി. ആർ. നമ്പർ 39/03
7	വെങ്ങാന്നൂർ ചാമവിള വീട്ടിൽ നാരായണി മകൾ സുഭാഷിണി	സി. ആർ. നമ്പർ 40/03
8	വെങ്ങാന്നൂർ സിസിലിപുരം പാറയ്ക്കൽവിള വീട്ടിൽ ലക്ഷ്മണൻ മകൻ അനി.	സി. ആർ. നമ്പർ 41/03
9	വെങ്ങാന്നൂർ സിസിലിപുരം 11/514 അയണിവിള വീട്ടിൽ സദാശിവൻ മകൻ പുഷ്കരൻ	സി. ആർ. നമ്പർ 45/03
10	വെങ്ങാന്നൂർ സിസിലിപുരം പ്ലാക്കൽ മേലേ പുത്തൻ വീട്ടിൽ മാനുവൽ മകൻ ലക്ഷ്മണൻ	സി. ആർ. നമ്പർ 46/03
11	വെങ്ങാന്നൂർ സിസിലിപുരം വി. പി. 12/405 ചരുവിള പൊറ്റയിൽ കേശവൻ മകൻ രവീന്ദ്രൻ	സി. ആർ. നമ്പർ 47/03
12	വെങ്ങാന്നൂർ സിസിലിപുരം ചരിവ് പൊറ്റയിൽ കേശവൻ മകൻ സുഗതൻ	സി. ആർ. നമ്പർ 48/03
13	വെങ്ങാന്നൂർ ചരുവിള വീട്ടിൽ 12/400-ൽ ശ്രീമതി മകൾ വാസന്തി	സി. ആർ. നമ്പർ 49/03
14	വെങ്ങാന്നൂർ സിസിലിപുരം അരുന്ധതി മന്ദിരത്തിൽ ഗംഗാധര പണിക്കർ മകൻ മുരളീധരൻ	സി. ആർ. നമ്പർ 67/03

LIBRARY ARCHIVES Kerala Legislative Assembly